## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4299** **12.11.2019-ൽ മറുപടിക്ക്**

## സഹകരണ സ്ഥാപനങ്ങളുടെ ട്രഷറിയിലെ നിക്ഷേപങ്ങൾ

**ചോദ്യം** **മറുപടി**

**ശ്രീ.കെ.വി.വിജയദാസ്** **ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് പല ഘട്ടങ്ങളിലായി സഹകരണ സ്ഥാപനങ്ങൾ ട്രഷറിയിൽ നടത്തിയ നിക്ഷേപങ്ങൾക്ക് ലഭിക്കുന്ന പലിശയിൽ നിന്നും റ്റി.ഡി.എസ്. ഈടാക്കുന്ന നടപടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ട്രഷറി നിക്ഷേപങ്ങളിലുള്ള വാർഷിക പലിശ 5,000/- രൂപ അധികരിച്ചാൽ ഡിഡക്ടർ എന്ന നിലയിൽ ട്രഷറി ഓഫീസർമാർ ആദായനികുതി നിയമത്തിലെ റൂൾ 194-A പ്രകാരം നികുതി ഈടാക്കുവാൻ ബാദ്ധ്യസ്ഥരാണ്. ആയതിനാൽ സഹകരണ സൊസൈറ്റികളുടെ നിക്ഷേപങ്ങളിലും സർക്കാർ ആവശ്യപ്പെട്ടതനുസരിച്ചുള്ള നിക്ഷേപങ്ങളിലും വാർഷിക പലിശ 5,000/- രൂപ അധികരിച്ചാൽ ആദായനികുതി കുറവ് വരുത്താറുണ്ട്. എന്നാൽ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ അനുമതിയോടെ ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സൊസൈറ്റികൾക്കും ആദായനികുതി വകുപ്പിൽ നിന്നും ലഭ്യമാക്കുന്ന ഇൻകം ടാക്സ് ആക്ട് 197 അനുസരിച്ചുള്ള നോൺ ഡിഡക്ഷൻ സർട്ടിഫിക്കറ്റ് നൽകുന്ന സൊസൈറ്റികൾക്കും ആദായനികുതി ഇളവ് ലഭിക്കാറുണ്ട്. |
| (ബി) | ഇപ്രകാരം ഈടാക്കുന്ന 'റ്റി.ഡി.എസ്' ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | ഇൻകംടാക്സ് നിയമം കേന്ദ്ര സർക്കാർ നിയമമാണ്. ഇതിൽ ഭേദഗതി കൊണ്ടുവരുന്നതിനും ഇളവ് അനുവദിക്കുന്നതിനും കേന്ദ്ര സർക്കാരിന് മാത്രമേ അധികാരമുള്ളൂ. |

**സെക്ഷൻ ഓഫീസർ**